പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6462 — 11.07.2012 ൽ മറുപടിക്ക്

# ബാലവേലയ്ക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ് സലീഖ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | 2011 മുതൽ 2012 ഏപ്രിൽ വരെ സംസ്ഥാനത്ത് ബാലവേല നിരോധനമനുസരിച്ച് എത്ര കേസുകളാണ് വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തത് ; ആയത് 2010 മുതൽ 2011 വരെയുള്ള കാലയളവിൽ എത്രയായിരുന്നു ; വ്യക്തമാക്കുമോ ; | (എ) | 2011 മുതൽ 2012 ഏപ്രിൽ വരെ 450 കേസുകളും 2010 മുതൽ 2011 വരെയുള്ള കാലയളവിൽ 55 കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | 2011 മുതൽ 2012 ഏപ്രിൽ വരെയുള്ള കാലയളവിൽ ബാലവേല കേസിൽപ്പെട്ട എത്ര കുട്ടികളെ മോചിപ്പിച്ചു; ഇതിൽ എത്ര ശതമാനം കുട്ടികളാണ് മറുനാടുകളിൽ നിന്ന് ജോലി തേടി എത്തിയത് ; എത്ര വയസ്സിനിടയിലുള്ളവരെയാണ് ഇപ്രകാരം മോചിപ്പിച്ചത് ; വ്യക്തമാക്കുമോ;; | (ബി) | 888 കുട്ടികളെ മോചിപ്പിച്ചിട്ടുണ്ട്. ഇതിൽ 81 ശതമാനം കുട്ടികൾ മറുനാടുകളിൽ നിന്നും ജോലി തേടി എത്തിയവരാണ്. 18 വയസ്സിനു താഴെയുള്ള കുട്ടികളെയാണ് മോചിപ്പിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ബാലവേല കൂടുതലായി നടക്കുന്നത് ; | (സി) | എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) | 2011 മുതൽ 2012 ഏപ്രിൽ വരെയുള്ള കാലയളവിൽ ബാലവേല ചെയ്യിക്കുന്നതിനെതിരെ ഏജന്റുമാർ, സ്ഥാപന ഉടമകൾ, വീട്ടുകാർ എന്നിവരുൾപ്പെടെ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് ; | (ഡി) | 2011 മുതൽ 2012 ഏപ്രിൽ വരെയുള്ള കാലയളവിൽ 33 ഏജന്റുമാരുടെ പേരിലും 373 സ്ഥാപന ഉടമകളുടെ പേരിലും 66 വീട്ടുടമകളുടെ പേരിലും 52 മറ്റുള്ളവരുടെ പേരിലുമായി ആകെ 524 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ വർഷം നിർബന്ധിത ബാലവേലയ്ക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര കുട്ടികളെ ഇതിൽ നിന്നും പോലീസ് മോചിപ്പിച്ചു; വിശദമാക്കുമോ ? | (ഇ) | കഴിഞ്ഞവർഷം (2011) സംസ്ഥാനത്ത് നിർബന്ധിത ബാലവേലയ്ക്കെതിരെ 396 കേസുകൾ രജിസ്റ്റർ ചെയ്യുകയും 656 കുട്ടികളെ മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ